ശ്രദ്ധക്ഷണിക്കൽ

(1) ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, കാലവർഷക്കെടുതിയെ സംബന്ധിച്ച് സഭയിൽ ഒട്ടേറെ പരാമർശങ്ങൾ നടന്നതിനാൽ വളരെ വിശദമായി കാര്യങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മലബാറിൽ 6 ജില്ലകളിൽ റെഡ് അലർട്ടും മൂന്ന് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. കാലവർഷക്കെടുതി ഉണ്ടായപ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിലുള്ള രക്ഷാപ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുത്തതെന്ന് നമുക്കെല്ലാവർക്കും കാണാൻ കഴിയും. പ്രതിപക്ഷം അതിനെ രാഷ്ട്രീയമായി ഉപയോഗിച്ചത് നിർഭാഗ്യകരമാണ്. കട്ടിപ്പാറ, കരിഞ്ചോലമലയിലെ തദ്ദേശവാസികളായ ആളുകൾ രാഷ്ട്രീയമെല്ലാം മറന്ന് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് പ്രതിപക്ഷം നല്ലതുപോലെ മനസ്സിലാക്കേണ്ടതായിരുന്നു. ഇവിടെ വലിയ രീതിയിലുള്ള ആൾനാശവും കൃഷിനാശവും ഉണ്ടാവുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം അടിയന്തിരമായി നമുക്ക് ഇടപെടേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിലുള്ള റവന്യൂ, എക്സൈസ്, ഗതാഗതം എന്നീ വകുപ്പുകളിലെ മന്ത്രിമാരെ ഉൾപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രി വീഡിയോ

കോൺഫറൻസിംഗ് നടത്തി കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽ കുറ്റമറ്റ രീതിയിൽ, എല്ലാ വകുപ്പുകളും നല്ല രീതിയിൽ ഇടപെട്ടുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെ സംബന്ധിച്ച് മാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. ഭൗമശാസ്ത്ര പഠനത്തിന്റെ ഫലമായി ദുരന്തം ഉണ്ടാകാവുന്ന ഒട്ടേറെ കേന്ദ്രങ്ങൾ മുൻകൂട്ടി കണ്ടിട്ടുണ്ട്. തുടർ പഠനങ്ങൾ നടത്തി അത്തരം സ്ഥലങ്ങളെ ഐഡന്റിഫൈ ചെയ്ത് പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനായി ചെയ്യാൻ കഴിയുന്ന മുൻകരുതലുകൾ സ്വീകരിക്കണം. ഒരു ഗവൺമെന്റിന് മനുഷ്യ സാദ്ധ്യമായ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്തിട്ടുണ്ടെന്ന് ആർക്കും പറയാൻ കഴിയും, അത് ആർക്കും നിഷേധിക്കുവാനും കഴിയില്ല. അക്കാര്യത്തിൽ യാതൊരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല.

ഒരു ദുരന്തമുണ്ടായാൽ ആദ്യം ഓടിയെത്തുന്നത് തദ്ദേശവാസികളാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ഒട്ടേറെ അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവർ ആത്മാർത്ഥമായി, അവർക്ക് അത് സംബന്ധിച്ചുള്ള വിശദമായ അറിവും മറ്റ് കാര്യങ്ങളൊന്നുമില്ലെങ്കിലും തദ്ദേശീയമായ അറിവുകളും മറ്റ് കാര്യങ്ങളുമെല്ലാം

ഉണ്ടാകും. അവർക്കായി ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിലും മറ്റ് രീതിയിലും കൂടുതൽ കരുതൽ നടപടികൾ സ്വീകരിക്കുവാനും പരിശീലനം നൽകുവാനും ആവശ്യമായ നടപടി നമ്മൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഭൗമശാസ്ത്ര പഠനത്തിന്റെ ഭാഗമായി അത്യാഹിതങ്ങൾ ഉണ്ടാകുമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ തുടർ പഠനം ആവശ്യമുണ്ടെങ്കിൽ അത് നടത്താൻ കഴിയണം.

ചികിത്സാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും തടസ്സങ്ങൾ ഉയർന്നുവരാറുണ്ട്. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യമുണ്ടാകില്ല. എന്റെ ജില്ലയിലുള്ള ഒരാളെ സർക്കാർ ആശുപത്രികളിൽ പ്രവേശിക്കുകയും തുടർന്ന് സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോവുകയും അവിടെ വച്ച് മരിക്കുകയും ചെയ്തു. ഒരു മരണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചികിത്സാ ചെലവിന്റെ തുക ആര് കൊടുക്കുമെന്ന കാര്യത്തിൽ തർക്കം നിലനിൽക്കുകയാണ്. അത്തരം കാര്യങ്ങളിൽ പ്രത്യേക തീരുമാനം എടുത്ത് നടപ്പിലാക്കാൻ കഴിയണം. കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ സർക്കാർ ആശുപത്രികളിലെ ചികിത്സാ ചെലവ് മാത്രമേ കൊടുക്കാൻ കഴിയൂവെന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നോംസ് ഉണ്ട്. ആ നോംസ് പരിശോധിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇന്ന് ചേരുന്ന ക്യാബിനറ്റ് യോഗത്തിൽ പ്രസ്തുത നോംസ് പരിശോധിക്കുമെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അത് സമയബന്ധിതമായും കൃത്യമായും ആവശ്യം അനുസരിച്ചും കൊടുക്കാൻ കഴിയണം. വീട് നശിച്ചാൽ 5000 രൂപ മുതൽ 1,00,000 രൂപ വരെയാണ് കൊടുക്കുന്നത്. 5,000 രൂപ കൊടുത്തിട്ട് ഒരു കാര്യവുമില്ലായെന്ന് എല്ലാവർക്കും അറിയാം. വീട് പുനർനിർമ്മിക്കുന്നതിനും നഷ്ടപ്പെട്ട വീടുകൾ പൂർണ്ണമായും നിർമ്മിക്കുന്നതിനുമാവശ്യമായ സഹായവും കൊടുക്കണം. വലിയ രീതിയിലുള്ള കൃഷി നാശത്തെ സംബന്ധിച്ച കണക്കുകൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതെല്ലാം സമയബന്ധിതമായി കൊടുക്കാനാവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയണം. ജില്ലാതല ദുരന്തനിവാരണ കമ്മിറ്റിയിൽ ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും മാത്രമാണുള്ളത്. ജനപ്രതിനിധി എന്ന നിലയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മാത്രമാണുള്ളത്. പലപ്പോഴും കേവലം പരിസ്ഥിതി പ്രവർത്തകർ മാത്രമാണ് കമ്മിറ്റിയിലുള്ളത്. അവർ അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ഇതിനെ ഉപയോഗിക്കുന്നതായി

പലപ്പോഴും കാണാറുണ്ട്. അതിനെ ശാസ്ത്രീയമായ രീതിയിൽ പുന:സംഘടിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ഗതാഗതം പൂർണ്ണമായും തകർന്നുപോയ പല മേഖലകളിലും അവ പുന;സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ താമരശ്ശേരി ചുരം പൂർണ്ണമായും തകർന്നു പോയിരിക്കുകയാണ്. ഇപ്പോൾ ഷട്ടിൽ സർവ്വീസ് മാത്രമാണ് നടത്തുന്നത്. ഞങ്ങളൊക്കെ ഇന്നലെ കൽപ്പറ്റയിൽ നിന്ന് ചിപ്പിലിത്തോട് ബസ് ഇറങ്ങിയതിനുശേഷം നടന്ന് ഇപ്പുറത്ത് വരികയാണ് ചെയ്തത്. അങ്ങനെ മാത്രമേ ഇപ്പോൾ യാത്ര ചെയ്യാൻ സാധിക്കുന്നുള്ളൂ. മനുഷ്യ സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ പൂർണ്ണമായ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാൻ മൂന്ന് മാസക്കാലം എടുക്കുമെന്നാണ് നാഷണൽ ഹൈവേയുടെ ഉദ്യോഗസ്ഥർ പറയുന്നത്. അവർക്ക് അതിനാവശ്യമായ മെക്കാനിസം ഇല്ലായെന്ന് നമുക്ക് അറിയാവുന്നതാണ്. അതുകൊണ്ട് ഏനാത്ത് പാലം നിർമ്മിച്ചതുപോലെ അടിയന്തിര പ്രാധാന്യത്തോടുകൂടി വയനാട് ചുരം പുനർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ താൽക്കാലികമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിനെല്ലാം എക്സൈസ്,

ഗതാഗതം, തുറമുഖം എന്നീ വകുപ്പുകളിലെ മന്ത്രിമാർ അവിടെ യോഗം ചേർന്ന് എല്ലാ തീരുമാനങ്ങളും എടുത്തിട്ടുണ്ട്. അക്കാര്യത്തിലൊന്നും ഒരു കുറവും ഉണ്ടായിട്ടില്ല. പക്ഷെ, മനുഷ്യ സാദ്ധ്യമായ രീതിയിലാണോ ചെയ്യാൻ കഴിയുന്നത്. നമ്മുടെ മെക്കാനിസത്തിന്റെ ചില കുറവുകളും ഉണ്ടായിരിക്കാം. അതുകൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപ്പോലെ, ഏനാത്ത് പാലം നിർമ്മിച്ചതുപോലെ മിലിട്ടറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുമോയെന്ന് ആലോചിക്കാൻ കഴിയണം. മാക്കൂട്ടം റോഡ് തകർന്നു പോയിരിക്കുകയാണ്. അവിടെനിന്നുമുള്ള വാഹനങ്ങളെല്ലാം മാനന്തവാടി വഴിയാണ് വരുന്നത്. ഇരിട്ടി വഴി പോകേണ്ട വാഹനങ്ങളെല്ലാം കിലോമീറ്ററോളം ചുറ്റിസഞ്ചരിച്ച് മാനന്തവാടി വഴിയാണ് പോകുന്നത്. വയനാട്ടിലേയ്ക്ക് വരുന്ന ദീർഘദൂര സർവ്വീസുകളെല്ലാം കുറ്റ്യാടി ചുരം വഴിയും നിലമ്പൂർ, തമിഴ്നാട്ടിലെ നാടുകാണി ചുരം വഴിയുമെല്ലാമാണ് തിരിച്ചുപോകുന്നത്. ഇതെല്ലാം വലിയ പ്രയാസങ്ങൾ ആളുകൾക്ക് ഉണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതെല്ലാം പരിഹരിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയണം. കട്ടിപ്പാറ പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് സഭയിൽ വന്നിട്ടില്ല. അദ്ദേഹം സ്ഥലത്ത് ക്യാമ്പ്

ചെയ്ത് ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുകയാണ്. അദ്ദേഹം സഭയിൽ പോലും വരാതെ ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നത് നമുക്കൊക്കെ കാണാൻ കഴിയും. മന്ത്രിമാർ എല്ലാ ദിവസവും അവിടെ ഉണ്ടായിരുന്നു. പത്ത് ലോറിയിൽ ദുരന്തനിവാരണ സേനയുടെ ആൾക്കാർ വന്നിട്ടുണ്ട്. അവർ വരാൻ കുറച്ച് താമസമുണ്ടായിട്ടുണ്ട്. അത് സ്വാഭാവികമായും കെടുതികൾ ഉണ്ടായപ്പോഴുള്ള താമസമാണ്. അതിനെ തെറ്റായരീതിയിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ആവശ്യമായ എക്യുപ്മെന്റ്സ് ഉൾപ്പെടെ പത്ത് ലോറിയിലാണ് ദുരന്തനിവാരണ സേനയിലെ ആളുകൾ വന്നത്. ആ കാര്യങ്ങളെല്ലാം മറച്ചുവച്ചു കൊണ്ട് പറയുന്ന രീതി ശരിയല്ല. ഏറ്റവും അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അതുകൊണ്ട് ഗവൺമെന്റ് സാധ്യമായ രീതിയിൽ, സർക്കാരിന്റെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, ഞങ്ങളുടെ ജില്ലയിൽ ട്രൈബൽ, റവന്യൂ, ആരോഗ്യം, വനം ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് കൊണ്ട് കുറ്റമറ്റരീതിയിലാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ രീതിയിൽ മറ്റ് കാര്യങ്ങൾ അടിയന്തിരമായി ചെയ്യാനുള്ള നടപടി ഗവൺമെന്റിന്റെ

ഭാഗത്തുനിന്ന് ഉണ്ടാകണം. ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതേ വിഷയവുമായി ബന്ധപ്പെട്ട് നാല് അംഗങ്ങൾകൂടി നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ് : സർ, കൂടുതൽ പ്രയാസങ്ങൾ നേരിട്ട മണ്ഡലമാണ് തിരുവമ്പാടി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതെല്ലാം റവന്യൂ ഉദ്യോഗസ്ഥന്മാർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ തിരുവമ്പാടിക്കാർക്ക് ഇത്തരമൊരു ദുരന്തം ആദ്യമായിട്ടല്ല. 2012 ഓഗസ്റ്റ് മാസം 6-ാം തീയതിയാണ് എട്ട് പേർ മരിച്ച പുല്ലൂരാംപാറ ഉരുൾപ്പൊട്ടൽ. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പാർട്ടി കേരളം ഭരിക്കുകയാണ്. അന്ന് ജില്ലാ കളക്ടർ മദ്രാസിൽ ആയതിനാൽ 40 മണിക്കൂറിലധികം വൈകിയാണ് സംഭവ സ്ഥലത്ത് എത്തിയത്. രമാദേവി എന്ന് പറയുന്ന ഡെപ്യൂട്ടി കളക്ടർ മാത്രമാണ് ഉണ്ടായിരുന്നത്. മന്ത്രിമാരും, എം.എൽ.എ.മാരും മൂന്ന് ദിവസം കഴിഞ്ഞാണ് സംഭവ സ്ഥലത്ത് എത്തിച്ചേർന്നത്. അന്ന് രാത്രി വെള്ളപ്പൊക്കത്തിൽ പാലം

ഒലിച്ചുപോകുന്ന സമയത്ത് സഖാവ് റ്റി. പി. രാമകൃഷ്ണനും ഞാനും കോടഞ്ചേരിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പെട്ടെന്ന് സംഭവ സ്ഥലത്തേയ്ക്ക് പോവുകയാണ് ചെയ്തത്. എന്റെ വാഹനം കടന്നുപോയതും പാലത്തിലൂടെ വെള്ളം കടന്നുപോവുകയും ചെയ്തു. രണ്ട് മിനിറ്റ് വൈകിയെങ്കിൽ ഞാൻ പോലും വെള്ളത്തിൽപ്പെട്ടുപോകുമായിരുന്നു. മരങ്ങൾ ഒഴുകിവരികയും, മല പോലത്തെ വലിയ ഉരുളൻ കല്ലുകൾ വന്ന് വീണ് റോഡ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടുകയും ചെയ്തു. ആ സംഭവത്തിന്റെ പിറ്റേന്ന് രാവിലെ ആറ് മണിക്ക് കോഴിക്കോട് ജില്ലയിലെ അന്നത്തെ എൽ.ഡി.എഫ്. എം.എൽ.എ.മാരും ഞാനും ഞങ്ങളുടെ പാർട്ടി നേതാക്കളുമെല്ലാം മുൻകയ്യെടുത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാരെ വിളിച്ച് പണിചെയ്യിപ്പിച്ചാണ് റോഡ് ഗതാഗതം ഭാഗികമായെങ്കിലും പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞത്. ഒരു എം.എൽ.എ.യെയോ മന്ത്രിയോ അവിടെ ഉണ്ടായിരുന്നില്ല. അതിൽ നിന്ന് എത്രയോ വ്യത്യസ്തമായ സമീപനമാണ് ഇപ്പോൾ ഉണ്ടായത്. 14-ാം തീയതി രാവിലെ 4 മണിക്ക് സുബഹി ബാങ്ക് കൊടുത്തപ്പോഴാണ് ഈ ദുരന്തമുണ്ടാകുന്നത്. നോമ്പുതുറയ്ക്ക് തലേന്ന് രാത്രി അവിടെ വിരുന്നിന് പോയ

ആളുകളുൾപ്പെടെയുള്ളവരാണ് ദുരന്തത്തിൽപ്പെട്ടത്. ഒരു മണിക്കൂറിനിടയിൽ എക്സൈസ് വകുപ്പുമന്ത്രി സംഭവസ്ഥലത്ത് എത്തി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുകയും മുഖ്യമന്ത്രിയെ അറിയിക്കുകയും ചെയ്തു. ഉദ്യോഗസ്ഥന്മാർ പറയുന്നത് കേൾക്കുമ്പോൾ നമുക്കുപോലും രോമാഞ്ചം തോന്നുകയാണ്. ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ പറയുന്നത്, മുഖ്യമന്ത്രി നൽകിയിട്ടുള്ള ആത്മവിശ്വാസമാണ് 24 മണിക്കൂറും ഉറക്കമുണർന്ന് ഈ പ്രവർത്തനം നടത്താൻ ഞങ്ങളെ പ്രേരിപ്പിക്കുന്നതെന്നാണ്. അവർ ചെയ്ത പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ടും ഇനി ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച മൈന്യൂട്ട് ഡീറ്റെയിൽസ് മുഖ്യമന്ത്രി തിരുവനന്തപുരത്തുനിന്ന് പറഞ്ഞുകൊടുത്തിട്ടാണ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നത്. ജില്ലാ കളക്ടറെ പ്രതിപക്ഷനേതാവ് അഭിനന്ദിക്കുന്നതുകണ്ടു. ജില്ലാ കളക്ടർ 24 മണിക്കൂറും പ്രവർത്തിക്കുകയാണ്. മുഖ്യമന്ത്രിയുടെ മോറൽ സപ്പോർട്ട് നല്ലരീതിയിൽ ആത്മവിശ്വാസം തന്നുവെന്ന് അദ്ദേഹം വ്യക്തിപരമായി എന്നോട് പറഞ്ഞതാണ്. വയനാട് ചുരം ഇപ്പോൾ 60 മീറ്ററോളം ഇടിഞ്ഞുപോയി. അവിടെ വളരെ ശ്രദ്ധാപൂർവ്വം പോയില്ലെങ്കിൽ അപകടത്തിൽപ്പെടുകയും ഇരുപതോളം മീറ്റർ താഴ്ചയിലേയ്ക്ക് വീഴുകയും ചെയ്യും. ടെണ്ടർ പ്രൊസീഡ്യുവർ ഉൾപ്പെടെയുള്ള നടപടികളുടെ സാങ്കേതിക

ന്നലാമാലകൾ മറികടന്നുകൊണ്ട് അടിയന്തരമായി അവിടെ പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പുമന്ത്രിയും ഞാനും ആ ചുരത്തിൽ നിന്നുകൊണ്ട് അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം ഞങ്ങളോട് ഫോണിൽ സംസാരിച്ചതുപ്രകാരമുള്ള പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചകൊണ്ട് ഗതാഗതം താൽക്കാലികമായി പുന:സ്ഥാപിക്കാൻ കഴിയുമെന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്. രണ്ട് മാസംകൊണ്ട് പൂർണ്ണമായും പഴയ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വാക്കിനെ വിശ്വസിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി അവിടെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെ വളരെ ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങളിൽ ഇടപെട്ട ഒരു ചരിത്രമില്ല. ഞാൻ അവിടെ എല്ലാ ക്യാമ്പുകളിലുമുള്ളവരെയും കാണുകയും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തകർച്ചയിൽപ്പെട്ടതും ഭീഷണിയിലുള്ളതും ചെറിയ പ്രയാസങ്ങളെങ്കിലുമുള്ളതുമായ എല്ലാ വീടുകളും, കുന്നും മലയും കയറിനടന്ന്, നേരിട്ട് കണ്ടിട്ടുള്ളതാണ്. ക്യാമ്പുകളിലെ ഒരാൾക്കും നേരിയ അഭിപ്രായ വ്യത്യാസം പോലുമില്ല. ഡോക്ടർമാർ വന്ന് പരിശോധിച്ചു എന്നാണവർ

പറഞ്ഞത്. അഞ്ചാം പനി ബാധിച്ച ഒരാളൊഴിച്ച് മറ്റാർക്കും ഒരു പരാതിയുമില്ല. കൂടാതെ രക്ഷാപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. യഥാസമയത്ത് അവർക്ക് ഭക്ഷണം കൊടുക്കുകയാണ്. പെരുന്നാൾ ദിവസത്തിൽ ചില ക്യാമ്പുകളിൽ ബിരിയാണിയാണ് കൊടുത്തത്. ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുന്നു; അവരുടെ മറ്റെല്ലാ കാര്യങ്ങളും അന്വേഷിക്കാൻ ഉദ്യോഗസ്ഥർ സദാ സന്നദ്ധമായി. മിംസ് ഹോസ്പിറ്റൽ, എയ്ഞ്ചൽസ് എന്ന സ്ഥാപനത്തിലെ ഡോക്ടർമാരുടെ സംഘടനകൾ തുടങ്ങിയവർ പൂർണ്ണമായും സ്വയം സന്നദ്ധരായി മുന്നോട്ടുവന്ന് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു പ്രവർത്തനങ്ങളിൽ ജനങ്ങളാകെ സംതൃപ്തരാണ്. ഒരു പാർട്ടിയുടെയും അഭിപ്രായ വ്യത്യാസമില്ലാതെ എല്ലാവരും യോജിച്ചുകൊണ്ട് നടക്കുന്ന പ്രവർത്തനമാണ്. ആ പ്രവർത്തനങ്ങളിങ്ങനെ നടന്നുകൊണ്ടിരിക്കുമ്പോൾ

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം"

എന്ന് പറഞ്ഞതുപോലെ പ്രതിപക്ഷനേതാവിന്, അദ്ദേഹം കണ്ടാൽ മാന്യനാണ്, നല്ലതുപോലെ ചിരിക്കുന്ന ആളാണ്, എന്തെങ്കിലുമൊന്ന് പറയണ്ടേ? അദ്ദേഹത്തിന്റെ പൊസിഷൻ ഇപ്പോൾ കുറച്ച്

അപകടത്തിലാണെന്ന് പത്രങ്ങൾ പറയുന്നു. ആ അപകടകരമായ പൊസിഷനിൽനിന്ന് രക്ഷപ്പെടാൻവേണ്ടി പ്രതിപക്ഷത്തിന്റെ റോൾ എടുക്കാൻവേണ്ടിയാണോ എന്നറിയില്ല അദ്ദേഹം ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. (.....ബഹളം.....) ദുരന്തസേന വരാൻ ഒരു മണിക്കൂർ വൈകിയെന്ന് പറഞ്ഞു. ദുരന്തസേന വരാൻ വൈകിയതുകൊണ്ടല്ല പ്രശ്നമുണ്ടായത്. ദുരന്തസേന വരുന്നതിന് എത്രയോ മണിക്കൂറുകൾക്കുമുമ്പ് അവിടത്തെ നാട്ടുകാർ സ്വയം സന്നദ്ധരായി രക്ഷാപ്രവർത്തനം നടത്തി, മിക്കവാറും ബോഡികൾ അവരാണ് കണ്ടുപിടിച്ചത്. ഒരു ദുരന്തസേനയുടെയും സഹായമില്ലാതെ അവിടത്തെ ആളുകൾക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞു. (.....ബഹളം.....) അതിന് നിങ്ങൾ ദേഷ്യപ്പെട്ട് സംസാരിക്കേണ്ട. പ്രതിപക്ഷനേതാവിന്റെ കൂടെ വന്ന കോൺഗ്രസിന്റെ ഡി.സി.സി. പ്രസിഡന്റ് പറഞ്ഞ ആരോപണം എന്താണെന്ന് അറിയാമോ? ഒരാൾക്ക് പായ് കിട്ടിയില്ലപോലും. അത് വലിയ ആനക്കാര്യമാണല്ലോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. ജോർജ് എം. തോമസ് പ്ലീസ് കൺക്ലൂഡ്........പ്ലീസ്........

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഇങ്ങനെ വിമർശിക്കാൻ തുടങ്ങിയാൽ

ആർക്ക് എന്താണ് പറഞ്ഞുകൂടാത്തത്. തികച്ചും രാഷ്ട്രീയപരവും ദുരുദ്ദേശപരവുമായ വിമർശനമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. 2012-ലെ അനുഭവം ഞങ്ങൾക്കെല്ലാമുണ്ട്. അന്ന് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ള മറ്റ് മന്ത്രിമാരും വന്നു. എല്ലാ വാഗ്ദാനങ്ങളും ചൊരിഞ്ഞു. ഒലിച്ചുപോയ മുഴുവൻ കൃഷിക്കാർക്കും ഒരേക്കർ വീതം കൃഷി ഭൂമി വാങ്ങിക്കൊടുക്കുമെന്നും വീട് പോയവർക്കെല്ലാം 5 ലക്ഷം രൂപയുടെ വീട് കൊടുക്കുമെന്നും പറഞ്ഞിട്ട് ഒരു നയാ പൈസ നാളിതുവരെ കൊടുത്തിട്ടില്ലെന്നുള്ളത് ശ്രീ. വി. ഡി. സതീശൻ മനസ്സിലാക്കണം. ഒരേക്കർ ഭൂമി വാങ്ങിക്കൊടുക്കുമെന്ന് പറഞ്ഞിട്ട് ഒരു സെന്റ് ഭൂമി വാങ്ങി കൊടുത്തിട്ടില്ല. 25 വീടുകൾ പൂർണ്ണമായും നശിച്ചു. ഒരാളെപ്പോലും ഷെൽട്ടറിലേയ്ക്ക് നിങ്ങൾ മാറ്റിയിട്ടില്ല. നിങ്ങളുടെ ഭരണ കാലത്ത് ഇങ്ങനെയൊക്കെ ചെയ്തിട്ടാണ് ഇപ്പോൾ ഞങ്ങളെ വിമർശിക്കുന്നത്. പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കാൻ ചുരുങ്ങിയത് 5 ലക്ഷം രൂപയും മരണപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരമെന്ന നിലയിൽ ചുരുങ്ങിയത് 5 ലക്ഷം രൂപ വീതവും കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഭാഗികമായി കേട് സംഭവിച്ച വീടുകൾ

പുനർനിർമ്മിക്കുന്നതിന് എഞ്ചിനീയർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പണം വകയിരുത്തണമെന്നുമാണ് ഇതുസംബന്ധിച്ച് എന്റെ അഭ്യർത്ഥന.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളം ഏറെ വേദനിച്ചതും നടുങ്ങിയതുമായ സംഭവ വികാസങ്ങൾ പ്രധാനമായും കോഴിക്കോടും അതുപോലെ കണ്ണൂർ ജില്ലയിലുമുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഉരുൾ പൊട്ടലിനെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലും മരങ്ങൾ വീണും രണ്ട് ആളുകൾ മരണപ്പെട്ടു. മാക്കൂട്ടം റോഡിന്റെ കാര്യം നേരത്തെ ഇവിടെ പരാമർശിച്ചു. മാക്കൂട്ടം റോഡ് ഇന്റർസ്റ്റേറ്റ് റോഡാണ്. തലശ്ശേരി -മൈസൂർ, കണ്ണൂർ - മൈസൂർ റോഡാണ്. കേരള അതിർത്തിയിലെ ചില സ്ഥലങ്ങളിൽ ഉരുൾപൊട്ടലുണ്ടായി. അയ്യൻകുന്ന് പഞ്ചായത്തിലെ പാറയ്ക്കാമലയിലും ചെറുപുഴയിലും കാനംവയലിലും ഉരുൾ പൊട്ടലുണ്ടായി. അതുപോലെ പൈതൽമലയിലും ഉരുൾ പൊട്ടലുണ്ടായി. അതിനെക്കുറിച്ച് ശ്രീ. കെ. സി. ജോസഫ് ഇവിടെ പറയും. അതിനേക്കാളെല്ലാം രൂക്ഷമായി കർണ്ണാടകത്തിലെ നിബിഡ വനത്തിൽ ഒരേ സമയം 12 സ്ഥലത്ത് ഉരുൾ പൊട്ടി ജില്ലയിൽ വ്യാപക നാശമുണ്ടായി. അതിന്റെ പ്രത്യാഘാതമുണ്ടായത് ഇരിട്ടി

മേഖലയിലാണ്. കാരണം രണ്ട് പുഴകൾ ചേരുന്ന ഇരിട്ടിയിലെ കൂട്ടുപുഴയിലാണ് ഈ വെള്ളം ഒഴുകിയെത്തുന്നത്. രാത്രിയാണ് ഈ സംഭവമുണ്ടായത്. ഈ വനപ്രദേശത്തുള്ള നൂറ് കണക്കിന് മരങ്ങൾ പൂർണ്ണമായും ഒഴുകി താഴേയ്ക്കുവന്നു. അവിടെയുണ്ടായ വെള്ളപ്പൊക്കത്തിലാണ് മാക്കൂട്ടം റോഡ് തകർന്നത്. പകൽ സമയത്ത് ഞാൻ അവിടെ എത്തുമ്പോൾ ഈ അന്തർ സംസ്ഥാന പാത പൂർണ്ണമായും തോടായി മാറി. അവിടെ വെള്ളത്തിൽനിന്നുകൊണ്ട് ഞാൻ റവന്യൂ വകുപ്പുമന്ത്രിയേയും പിന്നീട് മുഖ്യമന്ത്രിയേയും വിളിച്ച് സംസാരിച്ചു. കുടകിലെ കളക്ടറേയും കണ്ണൂർ ജില്ലാ കളക്ടറേയും വിളിച്ചു. നൂറ് കണക്കിന് മരങ്ങൾ കടപുഴകി കിലോമീറ്ററോളം റോഡ് ബ്ലോക്കായി നിൽക്കുന്ന സന്ദർഭത്തിൽ, ഞങ്ങൾക്ക് ഞങ്ങളുടെ സൈഡിൽ നിന്നുമാത്രമെ റെസ്ക്യൂ ഓപ്പറേഷൻ നടത്താൻ കഴിയുകയുള്ളൂ, You start the operation from your side എന്നാണ് കുടകിലെ കളക്ടർ എന്നോട് പറഞ്ഞത്. അക്കാര്യം ഞാൻ കണ്ണൂർ ജില്ലാ കളക്ടറോട് പറഞ്ഞു. അതുപോലെ പട്ടാളത്തെ വിളിക്കാൻ പറയുകയും മൂന്ന് വാഹനത്തിൽ പട്ടാളം അവിടെ വരികയും ചെയ്തു. എന്നാൽ അവിടെ ഉപകരണങ്ങളൊന്നുമുണ്ടായിരുന്നില്ല. ഒരു പാലത്തിന്റെ അടിയിൽ മരങ്ങൾ തങ്ങി അവിടേയ്ക്ക് ചെളിയും ചപ്പുചവറുകളും വന്ന് വെള്ളം മുഴവൻ

റോഡിൽ ഓവർ ഫ്ലോയായാണ് ആ റോഡ് തകർന്നത്. കെ.എസ്.ടി.പി. റോഡ് പണിക്കുണ്ടായിരുന്ന ക്രെയിൻ ഞാൻ വിളിച്ചുവരുത്തി കുറച്ചൊക്കെ മരങ്ങൾ പൊക്കിയെടുക്കാൻ സാധിച്ചു. നാട്ടുകാരുടെ നല്ല സഹായ സഹകരണങ്ങളും ഉണ്ടായിരുന്നു. പുഴയിൽ വെള്ളം നിറഞ്ഞൊഴുകിയതാണ് ഇവിടെ കെടുതിയുണ്ടാകാൻ കാരണം. ഈ പുഴക്കരയിൽ കുടിൽ കെട്ടി താമസിക്കുന്ന ആളുകളുണ്ട്. അവർക്കൊന്നും സ്ഥലത്തിന് രേഖയില്ല. പക്ഷേ കേരള അതിർത്തിയിൽ അവർക്ക് റേഷൻ കാർഡും വോട്ടർ പട്ടികയിൽ അവരുടെ പേരുമുണ്ട്. ഇങ്ങനെയുള്ള 15 കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലമേ ഇല്ല. ചാണ്ടി എന്നയാളുടെ കുടിൽ ഉൾപ്പെടെയാണ് ഒലിച്ചുപോയത്. ആരോഗ്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖ വകുപ്പുമന്ത്രി എന്നീ നാല് മന്ത്രിമാർ അവിടെ വന്നിരുന്നു. ഈ 15 വീട്ടുകാർക്ക് സ്ഥലവും വീടുമില്ല. അപ്രതീക്ഷിതമായ രാത്രി സമയത്തെ ഉരുൾപൊട്ടലിനെത്തുടർന്ന് കച്ചേരിക്കടവിലൊക്കെ വെള്ളം കയറി നല്ല വീടുകൾപോലും വെള്ളത്തിലാകുകയും അവരുടെ വീട്ടുപകരണങ്ങൾ നശിച്ചുപോകുകയും ചെയ്തു. വീടും വസ്തുങ്ങളുമുൾപ്പെടെ പൂർണ്ണമായി നഷ്ടപ്പെട്ട ആളുകളാണ് സ്കൂളുകളിലെ ക്യാമ്പിൽ വന്നത്. ഇന്നലെ അവിടെയൊരു

മീറ്റിംഗുണ്ടായിരുന്നു. വീടും സ്ഥലവുമില്ലാത്ത 15 വീട്ടുകാരെ സ്കൂളിലായിരുന്നു പുനരധിവസിപ്പിച്ചിരുന്നത്. സ്കൂളിൽ ക്ലാസ് തുടങ്ങാൻ കഴിയാത്തതുകൊണ്ട് അവരെ സൗജന്യമായി മറ്റ് വീടുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിരിക്കുകയാണ്. അവർക്ക് വീട് വയ്ക്കാനായി സ്ഥലം സൗജന്യമായി ലഭ്യമാക്കാൻ, സൗജന്യമായെന്ന് പറഞ്ഞാൽ, ഒരാൾ ചെറിയ വിലയ്ക്ക് സ്ഥലം കൊടുക്കാൻ തയ്യാറായി. ഇന്നലെ നാട്ടുകാരുടെ കമ്മിറ്റി കൂടി. ഇവർക്ക് സ്ഥലം വാങ്ങുന്നതിനായി 40 ലക്ഷത്തോളം രൂപ വേണം. പഞ്ചായത്ത് പ്രസിഡന്റും ഞാനും പങ്കെടുത്ത മീറ്റിംഗിൽ ഈ 15 വീട്ടുകാർക്ക് സ്ഥലം വാങ്ങുന്നതിനുവേണ്ടി 30 ലക്ഷത്തോളം രൂപയുടെ ഓഫർ വന്നു. ഇവർക്ക് താമസിക്കുന്നതിനായി 6 മാസത്തേയ്ക്കാണ് ഇപ്പോൾ വീട് എടുത്തിട്ടുള്ളത്. ബാക്കി കാര്യങ്ങൾ ലൈഫ് സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ, അത് ലൈഫ് പദ്ധതിയിൽ മാത്രം പോര, ശ്രീ. കെ. എം. ഷാജി പറഞ്ഞതുപോലെ ലൈഫ് പദ്ധതിയിൽ കാലതാമസം വരും. ശ്രീ. പാറക്കൽ അബ്ദുല്ലയും ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും പറഞ്ഞതുപോലെ ഇതിനൊരു പ്രത്യേക പാക്കേജ് കൊണ്ടുവരണം. കേരളത്തിൽ പാവങ്ങൾ താമസിക്കുന്ന മലയോര പ്രദേശത്തും കടലോര

പ്രദേശത്തുമാണ് ഈ ദുരന്തം ഉണ്ടായിരിക്കുന്നത്. ഇതിന്റെ ബാധ്യത ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. കരിഞ്ചോല മലയിലും ഞാൻ പോയിക്കണ്ടിരുന്നു. അവിടെയും വളരെ ദയനീയമായ സ്ഥിതിയാണ്. മറ്റൊരു വിഷയം, അവിടെ ഇനിയും ആശങ്കയിൽ കഴിയുന്ന നിരവധി ആളുകളുണ്ട്. ഞാൻ ഇന്നലെ മൂന്ന് സ്കൂളുകളിലെ ക്യാമ്പുകളിൽ താമസിക്കുന്ന ആളുകളെ കണ്ടു. റവന്യൂ വകുപ്പുമന്ത്രി ഇന്നലെ അങ്ങോട്ട് പോയിരുന്നു. അതുപോലെ മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനെയും അവിടെവച്ച് ഞാൻ കണ്ടിരുന്നു. കരിഞ്ചോലമലയെന്നു പറയുന്ന പർട്ടിക്കുലർ സ്പോട്ടിൽ മാത്രമല്ല, കട്ടിപ്പാറ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലും ഉരുൾ പൊട്ടിയിട്ടുണ്ട്. ദുരന്ത വാർത്തയും മരണവും അറിഞ്ഞതോടെ ശ്രദ്ധയെല്ലാം അങ്ങോട്ടു തിരിഞ്ഞു. അവിടെ ശ്രദ്ധിക്കേണ്ട സ്ഥലം തന്നെയാണ്. ഇനിയും ഒരാളെക്കുറിച്ച് വിവരങ്ങൾ കിട്ടാനുണ്ട്. അപകട ഭീഷണി ഭയന്നുകൊണ്ട് സ്കൂളുകളിൽ ക്യാമ്പ് ചെയ്യുന്ന നൂറുകണക്കിന് പാവപ്പെട്ട ആളുകളുണ്ട്. അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേണം; ഒരു പ്രത്യേക പാക്കേജ് വേണം. അതുപോലെതന്നെ സേന എത്തിച്ചേരാനുള്ള കാലതാമസം, ഞാൻ കണ്ണൂർ കളക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കളക്ടർ ആർമിയുടെ സേവനം ആവശ്യപ്പെടുകയും ചെയ്തു.

ദുരന്തം തലേന്ന് രാത്രി പതിനൊന്നു മണിക്കാണുണ്ടായത്. പിറ്റേന്ന് വൈകുന്നേരം ആറുമണിക്ക് സേന എത്തിച്ചേരുകയും അവരുടെ ഓപ്പറേഷൻ ഏറ്റെടുത്ത് വിജയകരമായി നടത്തുകയും ചെയ്തു. കുടക് പാതയുടെ പ്രാധാന്യം മലബാറുകാർക്കെല്ലാമറിയാം. അല്ലാത്തവർക്കും കൂടി അറിയാൻ വേണ്ടിയാണ് പറയുന്നത്. അതൊരു ഇന്റർസ്റ്റേറ്റ് റോഡാണ്. വിമാനത്താവളത്തിലേയ്ക്കും മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പോകുന്ന റോഡാണ്; നൂറുകണക്കിന് വാഹനങ്ങൾ ആ റോഡിലൂടെ പോകുന്നു; ഇപ്പോൾ ആ റോഡ് ഒരു മാസത്തേയ്ക്ക് അടച്ചിട്ടിരിക്കുകയാണ്. അതുപോലെ കോഴിക്കോട് ചുരം റോഡും വയനാട് റോഡും കൂടി അടയ്ക്കുന്ന സന്ദർഭത്തിൽ വാഹനയാത്രയ്ക്ക് പ്രയാസമുണ്ടാകും. ഇപ്പോൾ മാനന്തവാടി - തോൽപ്പെട്ടി വഴിയുള്ള ഒരു ചെറിയ റോഡ് മാത്രമാണ് കരണീയമായിട്ടുള്ളത്. അതുകൊണ്ട് കുടക് റോഡ് പാലത്തിന്റെ ഭാഗമുൾപ്പെടെ എത്രയും വേഗം റിപ്പെയർ ചെയ്യുന്ന കാര്യത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ, നമ്മുടെ ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി സംസാരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ കൂട്ടുപുഴ പാലത്തിന്റെ നിർമ്മാണം. തടിമില്ലിൽപോലും കാണാൻ സാധിക്കാത്ത നൂറുകണക്കിന് മരങ്ങൾ കടപുഴകി

പുഴയിൽ നിറഞ്ഞിരിക്കുകയാണ്. ആ മരങ്ങൾ നമുക്ക് കിട്ടുകയാണെങ്കിൽ വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ സഹായകരമായിരിക്കുമെന്ന് ഇന്നലെ ഒരു ചെറിയ ഡിമാന്റ് വന്നു. പുനരധിവാസത്തിന്റെ കാര്യത്തിലുൾപ്പെടെ അവരെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ കാര്യക്ഷമമായി, പ്രത്യേക പാക്കേജായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. പേരാവൂർ, ഇരിക്കൂർ മണ്ഡലങ്ങളുടെ ബോർഡറായ കൂട്ടുപുഴ-പേരട്ട-തൊട്ടിൽപ്പാലം ഭാഗത്താണ് ദാരുണമായ സംഭവങ്ങളുണ്ടായത്. കർണ്ണാടക വനത്തിൽ വലിയ ഉരുൾ പൊട്ടലുണ്ടായി. രാത്രി 10.00 മണിയോടെ അതിരൂക്ഷമായ മലവെള്ളപ്പാച്ചിലുണ്ടാകുകയും വീടുകളിൽ ഉറങ്ങിക്കിടന്നവർ വരെ വെള്ളത്തിനടിയിലായി. വീട്ടിനകത്ത് ഏഴടിയോളം വെള്ളം കയറി. 10-30 വീടുകളും 6-7 കടകളും വെള്ളത്തിനടിയിലായി. ഈ സംഭവം അപ്രതീക്ഷിതമായിരുന്നു. കർണ്ണടാക ഫോറസ്റ്റിലെ മലവെള്ളപ്പാച്ചിൽ തടയാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്. തൊട്ടിൽപ്പാലം-

പേരട്ട-കൂട്ടുപുഴ ഭാഗത്ത് പുഴയ്ക്ക് സംരക്ഷണ ഭിത്തി കെട്ടിയാൽ ഇത് തടയാൻ സാധിക്കും. അവിടെ വലിയ മലവെള്ളപ്പാച്ചിലിൽ റോഡുപോലും എടുത്തുകൊണ്ടു പോകുകയാണ്. നാളെയും ഇതുണ്ടാകാൻ സാധ്യതയുള്ള മേഖലകളാണിവ. അതുകൊണ്ട് അടിയന്തരമായി പ്രശ്നബാധിത മേഖലകളിൽ, തൊട്ടിൽപ്പാലം-പേരട്ട-കൂട്ടുപുഴ ഭാഗത്ത് സംരക്ഷണഭിത്തി കെട്ടാനുള്ള നടപടി സ്വീകരിക്കണം. കുറ്റം പറയുന്നതല്ല; നമ്മുടെ ദുരന്തനിവാരണ അതോറിറ്റി ഫലപ്രദമാകണം.

രണ്ട് അനുഭവങ്ങളുണ്ടായി. ഓഖി ദുരന്തമുണ്ടായി; പിന്നെ ഈ ദുരന്തവുമുണ്ടായി. ഇത്തവണ കാലാവസ്ഥാ പ്രവചനത്തിൽ അതിരൂക്ഷമായ മഴയുണ്ടാകുമെന്ന് പറഞ്ഞു. ഒരു പ്രികോഷൻ നമുക്കുണ്ടായിരുന്നു. ആ സമയത്ത് ഈ അതോറിറ്റി ശ്രദ്ധിക്കണ്ടേ; മഴ പെയ്തിട്ട് കുട നിവർത്തിയാൽ പോരല്ലോ? നേരത്തെ തന്നെ എല്ലാ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിലെയും മുന്നറിയിപ്പുണ്ടായിരുന്നു കേരളത്തിൽ ഇത്തവണ അതിരൂക്ഷമായ മഴക്കാലമായിരിക്കുമെന്ന്. അതിനൊരു മുന്നൊരുക്കമുണ്ടാകാത്തത് നിർഭാഗ്യകരമായിപ്പോയി. ഏതായാലും നമുക്ക് ഇതൊരു പാഠമായിരിക്കണം. പ്രത്യേകിച്ചും ദുരന്തമുണ്ടാകുന്ന കാലഘട്ടങ്ങളിൽ തടയാനാവശ്യമായ

പ്രിക്വാഷൻസ് നമുക്കുണ്ടാകണം. ശ്രീ. സണ്ണി ജോസഫ് മരിച്ച രണ്ടുപേരുടെ കാര്യം പറഞ്ഞു. ഒരാൾ കർണ്ണാടക അതിർത്തിയിൽ വച്ചാണ് മരിച്ചത്. അയാളുടെ ശവസംസ്കാരത്തിനുപോലും പൈസ കൊടുത്തില്ല. സാധാരണഗതിയിൽ 10,000/- രൂപ കൊടുക്കുന്നതാണ്. ഞങ്ങൾ അവരുടെ വീട്ടിൽ പോയപ്പോൾ പൈസ കൊടുത്തിട്ടില്ലെന്ന് അറിഞ്ഞു. ഞങ്ങൾ കളക്ടറോട് സംസാരിക്കുകയും പൈസ കൊടുക്കാമെന്ന് പറയുകയും ചെയ്തു. സാങ്കേതികമായി നോക്കിയാൽ ആ രണ്ടുപേരും കേരളത്തിൽ താമസിക്കുന്നവരും മലയാളികളുമാണ്. ഒരു മരണമുണ്ടായ സ്ഥലം കർണ്ണാടക അതിർത്തിയിലായിപ്പോയതുകൊണ്ട് തടസ്സമായി കാണരുത്. അവർക്കും ആവശ്യമായ നഷ്ടപരിഹാരം കൊടുക്കണം. അതുപോലെ അതിൽ പരിക്കേറ്റ ഒരാൾ ചികിത്സയിലാണ്. അയാൾക്കും സഹായം കൊടുക്കണം. ഒരു മുന്നറിയിപ്പ് മുന്നിൽ കണ്ടുകൊണ്ട് ദയവായി നാളെ പ്രിക്വാഷൻസ് ഉണ്ടാകണം. അതുപോലെ മലയോരത്തുണ്ടാക്കുന്ന വാട്ടർ തീം പാർക്കുകൾ, അതുപോലെ അനാവശ്യമായ പ്രകൃതി ചൂഷണം എന്നിവ ഗൗരവമായി കാണണം. നമ്മൾ അനാവശ്യമായി പ്രകൃതിയെ ചൂഷണം ചെയ്യുന്നതുകൊണ്ടാണ് പല സംഭവങ്ങൾക്കും കാരണമായി മാറുന്നത്. അത്തരം കാര്യങ്ങളിൽ

ജാഗ്രതയുണ്ടാകണം. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് എനിക്ക് ആവർത്തിച്ച് അപേക്ഷിക്കാനുള്ളത് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി തൊട്ടിൽപ്പാലം - പേരട്ട - കുട്ടപുഴ ഭാഗത്ത് സംരക്ഷണഭിത്തി കെട്ടി ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ വിശദമായാണ് കാര്യങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. കനത്ത മഴയെത്തുടർന്ന് വടക്കൻ ജില്ലകളിലുണ്ടായ കെടുതികൾ ഇതിനകം നമ്മൾ ചർച്ച ചെയ്തതാണ്. വയനാട് ജില്ലയിൽ ദുരന്തത്തിനിരയായവരുടെ സംരക്ഷണവും യുദ്ധകാലാടിസ്ഥാനത്തിലാണ് നടത്തിയത്. വയനാട് ജില്ലയിൽ ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിന് വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ ദേശീയപാതകളിൽ നാശനഷ്ടമുണ്ടാകുകയും വയനാട് ദേശീയപാത 766-ൽ വലിയതോതിൽ മണ്ണിടിച്ചിലുണ്ടാകുകയും ചെയ്തു. വയനാട് ജില്ലയിൽ വ്യാപകമായി കൃഷിനാശമുണ്ടായിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സംയോജിതമായ ഇടപെടലും രക്ഷാപ്രവർത്തനത്തിന്

അടിയന്തരസഹായം അഭ്യർത്ഥിച്ചപ്പോൾ എത്തിച്ചേർന്ന ദേശീയ ദുരന്ത നിവാരണസേനയുടെ സഹായവും എല്ലാ തലത്തിലുമുള്ള ജനങ്ങളുടെ പിന്തുണയുമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പോലീസ് അഗ്നിശമന സേന റവന്യൂ ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘവും കാലവർഷക്കെടുതികൾ നേരിടാൻ പ്രവർത്തനസജ്ജമാണ്. 218 വീടുകൾ ഭാഗികമായും 7 വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. 130 ഹെക്ടറിൽ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. കാലവർഷക്കെടുതിയിൽ 3 പേർ മരണപ്പെടുകയും 7 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 3 താലൂക്കുകളിലുമായി 21 ദുരിതാശ്വാസ ക്യാമ്പുകൾ ഏർപ്പെടുത്തി ദുരിതബാധിതരായ 431 കുടുംബങ്ങളിലെ 1671 പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. ക്യാമ്പുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും രോഗബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഏർപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനും ശുദ്ധമായ കുടിവെള്ളവും വൈദ്യുതിയും ഉറപ്പുവരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ദിവസവും മെഡിക്കൽ ടീം ക്യാമ്പുകൾ സന്ദർശിച്ച് ആരോഗ്യപരിശോധന

നടത്തണമെന്നും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്നും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

ആദിവാസികൾക്ക് നൽകിയിരുന്ന സൗജന്യറേഷൻ വീടുകളിലെത്തിക്കാൻ നടപടിയുണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജൂൺ 15-ന് ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം സ്ഥിതിഗതികൾ വിലയിരുത്തി കെടുതികൾക്കിരയായവർക്കുള്ള ധനസഹായം അടിയന്തരമായി വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 9 ജില്ലകളിലെ കളക്ടർമാരുമായും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. താമരശ്ശേരി ചുരം വഴിയുള്ള റോഡിൽ ഏകദേശം 50 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി തകർന്ന നിലയിലാണുള്ളത്. അതുവഴിയുള്ള ഗതാഗതം പുന:സ്ഥാപിക്കുന്നതിന് എത്രയും വേഗം നടപടിയെടുക്കുവാനും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ചുരത്തിന്റെ ഭാഗങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെയും പോലീസിന്റെയും നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട്ടിലേയ്ക്കുള്ള ചുരപാതകളിൽ മണ്ണിടിച്ചിലുണ്ടായിട്ടുണ്ടെങ്കിലും സമ്പൂർണ്ണഗതാഗത നിരോധനം

ഏർപ്പെടുത്താതെ നിയന്ത്രിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ കർണ്ണാടകത്തിലേയ്ക്കുള്ള മാക്കൂട്ടം -പെരുമ്പാടി - മൈസൂർ-തലശ്ശേരി പാതയിൽ കുടക് ജില്ലാ ഭരണകൂടം സമ്പൂർണ്ണ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പാത ഗതാഗത സജ്ജമാക്കാൻ കേരളത്തിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കർണ്ണാടക മുഖ്യമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. ഇന്നലെ നീതി ആയോഗ് യോഗത്തിൽ കർണ്ണാടക മുഖ്യമന്ത്രിയുമായി നേരിട്ട് ഇക്കാര്യം സംസാരിക്കുകയും അങ്ങയുടെ വ്യക്തിപരമായ ഇടപെടൽ ഇക്കാര്യത്തിൽ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അത് സമ്മതിക്കുകയും അവിടെ എത്തിയതിനുശേഷം നടപടികൾ എടുക്കാമെന്നും പറഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറിയോട് അദ്ദേഹം അപ്പോൾ തന്നെ പറയുകയും ചീഫ് സെക്രട്ടറി അതിനാവശ്യമായ നടപടിയെടുക്കുന്നതാണെന്നും എന്നോട് പറഞ്ഞു. മുമ്പ് ദുരന്തങ്ങളുണ്ടായ ഘട്ടങ്ങളിൽ നഷ്ടപരിഹാര തുക യഥാസമയം വിതരണം ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. തദ്ദേശവാസികൾക്ക്/നാട്ടുകാർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട

കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു അപകടം ഉണ്ടാകുമ്പോൾ നാട്ടുകാരാണ് അവിടെ ആദ്യം ഓടിയെത്തുന്നത്. അതൊരു വസ്തുതയാണ്. അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഒരു സിവിൽ വോളണ്ടിയർ സേന രൂപീകരിക്കുന്നതിനുള്ള നടപടി ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി ആവശ്യമായ പരിശീലനം നൽകാൻ സാധിക്കും. അവർ ഫയർ ഫോഴ്സിന്റെ ഭാഗമായിരിക്കില്ല, എന്നാൽ ഇത്തരം അപകടങ്ങൾ ഉണ്ടാകുമ്പോൾ ഓടിയെത്താനും ആവശ്യമായ കാര്യങ്ങൾ ഫലപ്രദമായി ചെയ്യാനും സാധിക്കും. ഏത് അപകട സ്ഥലത്തും നാട്ടുകാരാണ് ആദ്യം എത്തുന്നത്. അതിന് സന്നദ്ധരായ ധാരാളം ആളുകളുണ്ടാകും. അവരെ ഇതിന്റെ ഭാഗമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചികിത്സയുടെ കാര്യത്തിൽ സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ ആശുപത്രികളിലും ചികിത്സാ സൗകര്യം വേണ്ടതായി വരും. പെട്ടെന്ന് സ്വകാര്യ ആശുപത്രിയിലാണ് എത്തിക്കേണ്ടതെങ്കിൽ അതിന് വേറെ തടസ്സങ്ങളില്ല. അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കും. നഷ്ടപരിഹാരത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. കൃഷിനാശത്തിന്റെ

കാര്യത്തിൽ, ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച് നാമമാത്രമായ തുകയാണ് അനുവദിക്കുന്നത്. അതിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് മന്ത്രിസഭാ യോഗം ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

താമരശ്ശേരി ചുരത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ട കാര്യം ബഹുമാന്യനായ അംഗം തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവിടെ അടി ഭാഗം കുറച്ച് ചോർന്നുപോയിട്ടുണ്ട്. റോഡ് നന്നാക്കൽ മാത്രമല്ല ഇപ്പറഞ്ഞ ഭാഗംകൂടി കെട്ടി ഉയർത്തേണ്ടതായിട്ടുണ്ട്. അതിന് കുറച്ച് സമയമെടുക്കും. അതിനാണ് മൂന്നുമാസം സമയം വേണമെന്ന് പറഞ്ഞത്. ഏതായാലും ത്വരിതഗതിയിൽ തന്നെ അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. തകർന്നുപോയ റോഡ് പെട്ടെന്നുതന്നെ റിപ്പെയർ ചെയ്ത് അതിലൂടെ വാഹന ഗതാഗതം ഏതാനും നാളുകൾ കൊണ്ട് പുനഃസ്ഥാപിക്കാൻ കഴിയുമെന്ന അവസ്ഥയാണുള്ളത്.

നമുക്കെല്ലാവർക്കും നല്ല വെളിച്ചം പകരുന്നൊരു കാര്യമാണ് ബഹുമാന്യനായ സണ്ണി ജോസഫ് പറഞ്ഞത്. കർണ്ണാടകത്തിലെ നിബിഡ വനം, അവിടെ ആർക്കും പ്രവേശനമില്ല, ഒരു കോട്ടവും അവിടെ ആരും ഉണ്ടാക്കുന്നില്ല. പക്ഷെ അവിടെ പന്ത്രണ്ട് സ്ഥലത്ത് ഉരുൾപൊട്ടൽ

ഉണ്ടായിയെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയുടെ ദുരന്തം ഏത് വഴിയിലൊക്കെയാണ് വരുന്നതെന്ന് ആർക്കും പ്രവചിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണ്. നിബിഢ വനമാണ്, ആർക്കും അങ്ങോട്ട് പ്രവേശിക്കാൻ കഴിയില്ല, ഒരു അപകടവും അവിടെ ഉണ്ടാക്കുന്നില്ല, ഒന്നും സംഭവിക്കുന്നില്ല. പക്ഷെ അവിടെയാണ് ഏറ്റവും വലിയ ദുരന്തമുണ്ടായത്. സാധാരണ നാലഞ്ച് ആളുകൾ കൂടിയാൽ മാത്രം പിടിക്കാൻ കഴിയുന്ന തരത്തിലുള്ള മരം അടിയോടെ പുഴകി വീഴുകയാണ്. അതാണ് അദ്ദേഹം ഇവിടെ വിവരിച്ചത്. അതിനെ സംബന്ധിച്ച് കൂടുതൽ പറയേണ്ടതില്ല. മിലിട്ടറി വന്നതിന്റെ ക്രെഡിറ്റ് എല്ലാവർക്കും അവകാശപ്പെടാം. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഫലപ്രദമായി ഇടപെട്ടതിനുശേഷമാണ് മിലിട്ടറി അവിടെ വരുന്ന സാഹചര്യമുണ്ടായത്. അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്.

15 കുടുംബങ്ങളുടെ താമസ സൗകര്യത്തിന്റെ പ്രശ്നം അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. അക്കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കും. നാട്ടുകാരുടെ നല്ല ഇനിഷ്യേറ്റീവ് ഉണ്ടായിട്ടുണ്ട്. അദ്ദേഹം ഇടപെട്ട കാര്യവും പറഞ്ഞു. അവരെ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും. അത് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കുള്ള വിഷയമാണ്. ഇപ്പോൾ നല്ല നിലപാട്

എടുത്തിട്ടുണ്ട്. അത് എല്ലാവരുടെയും കാര്യത്തിൽ കഴിയുന്നതല്ല. പക്ഷെ അവിടത്തെ ഒരു പ്രത്യേക സാഹചര്യം വച്ചുകൊണ്ട് തൽക്കാലം വാടക വീട്ടിൽ താമസിപ്പിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ക്യാമ്പ് തുറക്കുന്നതിനുപകരം എല്ലാവരെയും വാടക വീട്ടിൽ താമസിപ്പിക്കാൻ സാധിക്കുകയില്ല. എന്നാൽ പ്രത്യേക സാഹചര്യത്തിൽ, കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു അനുമതി നൽകിയതാണ്. ഏതായാലും ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ തന്നെയാണ് സ്വീകരിച്ചിട്ടുള്ളതെന്നതാണ് പറയാനുള്ളത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ നോംസ് പുനഃപരിശോധിക്കാമെന്നും നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതും അങ്ങേയറ്റം സ്വാഗതാർഹമാണ്. അത് അടിയന്തരമായി ചെയ്യാൻ കഴിയണം. വയനാട് റോഡ് നന്നാക്കുന്നതിന് മുൻഗണന നൽകി ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്. മറ്റൊരു പ്രശ്നം ഈ സന്ദർഭം ഉപയോഗിച്ച് നമ്മൾ ആലോചിക്കേണ്ടത്, വയനാടുമായി ബന്ധപ്പെട്ട് ബദൽ റോഡുകൾ ഉണ്ട്. അടിവാരത്തുനിന്നും താമരശ്ശേരി ചുരത്തിന്റെ ഏഴാം

വളവുവരെ വരുന്ന റോഡ് പൂർണ്ണമായും സ്വകാര്യ സ്ഥലമാണ്. കുറച്ച് സ്ഥലം വനംവകുപ്പ് വിട്ടുകൊടുത്താൽ മതി. ആ കാര്യത്തെക്കുറിച്ചും അതുപോലെ ആനക്കാംപൊയിൽ, കള്ളാടി, മലയോര ഹൈവേ പ്രഖ്യാപിച്ചതിന്റെ ഭാഗം, നിലമ്പൂരിൽ നിന്നും ചൂരൽമല വരെ, പടിഞ്ഞാറത്തറ-പൂഴിത്തോട്, കുഞ്ഞോം-വിലങ്ങോട് തുടങ്ങിയവയുടെ കുറച്ചുഭാഗം വനമാണ്. വനപ്രദേശംകൂടി കിടക്കുന്നതുകൊണ്ട് ഒന്നും നടത്താൻ സാധിക്കുന്നില്ല. ഈ പ്രത്യേക പരിതസ്ഥിതിയിൽ ഇതുംകൂടി മുൻകയ്യെടുത്ത് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് വളരെ നാമമാത്രമായ തുകയാണ് നൽകുന്നതെന്ന് ഇന്നലെ നീതി ആയോഗ് യോഗത്തിൽ ഞാൻ ഉന്നയിച്ചിട്ടുണ്ട്. കൃഷിയുടെ കാര്യത്തിൽ ആവശ്യമായ മാറ്റം വേണമെന്ന കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. വയനാട്ടിലേയ്ക്ക് ധാരാളം റോഡുകളുടെ നിർദ്ദേശങ്ങൾ വരുന്നുണ്ട്. ഏതായാലും വയനാട്ടിലേയ്ക്ക് ഫലപ്രദമായ ഗതാഗത സംവിധാനം വേണമെന്ന കാര്യത്തിൽ തർക്കമില്ല. ഇപ്പോഴുള്ളത് നന്നാക്കുകയും പിന്നീട് ഏതെങ്കിലും പറ്റിയ കാര്യങ്ങളുണ്ടെങ്കിൽ അത് പരിഗണിക്കുകയും ചെയ്യാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പേരാവൂർ, ഇരിക്കൂർ മണ്ഡലങ്ങളുടെ ബോർഡറായ കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട്ട സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഒരു കത്ത് നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് തീരുമാനിക്കാം. ബഹുമാനപ്പെട്ട അംഗം നൽകിയ കത്ത് തുടർ നടപടികൾക്കുവേണ്ടി ഇന്നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറാം.

(2) പകർച്ചപ്പനിക്കെതിരെ മുൻകരുതൽ നടപടികൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കാലവർഷക്കെടുതിയും ഉരുൾപൊട്ടലുമായും ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്തത്. അതിനോടനുബന്ധിച്ചുള്ള മാലിന്യക്കൂമ്പാരങ്ങളും കേരളത്തിൽ ഉയർന്നുകൊണ്ടേയിരിക്കുകയാണ്. ആ പ്രയാസങ്ങളോടൊപ്പംതന്നെ അനുബന്ധമായി ഉണ്ടാകാനിരിക്കുന്ന പകർച്ച വ്യാധികളെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ നടത്തുന്നത്. 'നിപ വൈറസ് കേരളീയ സമൂഹത്തെയും അവരുടെ ഉപഭോഗ ജീവിതത്തെയും വിദേശ കയറ്റുമതിയെവരെ ബാധിച്ചു. കേരളീയ ജനത അതിന്റെ

പ്രയാസങ്ങളിൽ നിന്ന് മോചനം നേടി, പരിഹാരം കണ്ട് സമാധാനപരമായി മുന്നോട്ടുപോകുന്ന സമയത്താണ് കാലവർഷം കനത്തതും അതിന്റെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതും. ആ കാലാവസ്ഥാ മാറ്റത്തിലൂടെ കേരളം വീണ്ടും പകർച്ച വ്യാധികളുടെ വ്യാപനത്തിലേയ്ക്കും അതിന്റെ ഭീഷണിയിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണെന്ന് തൊട്ടടുത്ത ദിവസങ്ങളിലെ പത്രങ്ങളിലെ കണക്കുകൾ നമ്മോട് പറയുകയാണ്. പനിയും പകർച്ചവ്യാധിയും കാലവർഷത്തിന്റെ കൊടുതിയായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി എന്നിവ വ്യാപകമാകുകയാണ്. ഒപ്പം കേരളത്തിലെ മാലിന്യ സംസ്കാരം പ്രയാസകരമായ അനുഭവമാണ് നമുക്ക് ഉണ്ടാക്കിത്തരുന്നത്. ഇതിന്റെ ഭാഗമായി നമ്മുടെ സംസ്കാരം തന്നെ മാറേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്.

എല്ലാദിവസവും ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. ഇക്കഴിഞ്ഞ ജൂൺ 2-ന് മലപ്പുറം ജില്ലയിൽ മാത്രം 19,574 പേരാണ് ആശുപത്രിയിൽ എത്തിയത്. ഇതിൽ 1700-ൽ അധികം പേർക്ക് പനിയും അതിൽതന്നെ 29 പേർക്ക് ഡെങ്കിപ്പനിയും 19 പേർക്ക് മഞ്ഞപ്പിത്തവുമാണ്. ചിലയിടത്ത് ലെപ്റ്റോസ്പൈറോസിസും എലിപ്പനിയും

ബാധിച്ചിട്ടുണ്ട്. അതിന്റെ വാർത്തകളൊക്കെ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. തുടർച്ചയായ ദിവസങ്ങളിലും ഇതേ അനുഭവം തന്നെയാണ് ഉണ്ടായത്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് 3100 രോഗികൾ ആശുപത്രിയിൽ വന്നതിൽ 3000 ആളുകൾക്കും പനി ബാധിക്കുകയും അതിൽതന്നെ ഏറ്റവും കൂടുതൽ ആളുകൾക്ക് ഡെങ്കിപ്പനി ബാധിച്ചുവെന്നും പത്രങ്ങളിൽ വാർത്ത വരികയും ആരോഗ്യ വകുപ്പ് അതിന്റെ കണക്ക് പുറത്ത് പറയുകയും ചെയ്തു. വി.എസ്.എസ്.സി. ഹൗസിംഗ് കോളനിയിൽ 10 പേർക്കുകൂടി ഡെങ്കിപ്പനി ബാധിച്ചിരിക്കുന്നുവെന്ന് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിരിക്കുകയാണ്. പകർച്ചവ്യാധി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളതലത്തിൽ എന്നതുപോലെ നമ്മുടെ നാട്ടിലും പകർച്ചപ്പനി വലിയൊരു ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അതുണ്ടായാൽ പടർന്നു പിടിക്കാതിരിക്കാൻ സർക്കാർ തലത്തിൽ മുൻകരുതൽ എടുക്കേണ്ടതുണ്ട്. കാലവർഷക്കെടുതിയും ഉരുൾപൊട്ടലുമായും ബന്ധപ്പെട്ട് മുൻകരുതൽ എടുക്കാത്തതിന്റെ പ്രയാസങ്ങളാണ് എല്ലാവരും സൂചിപ്പിച്ചത്. അതുകൊണ്ട് പകർച്ചവ്യാധിയുമായി ബന്ധപ്പെട്ടുകൊണ്ട് മുൻകരുതൽ എടുക്കാനാവശ്യമായ നിലപാടുകൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വസൂരിയും പ്ലേഗുമൊക്കെ വന്ന കാലഘട്ടത്തിൽ വലിയ വിപത്തുകൾ നമുക്കുണ്ടാകുകയും ഒട്ടേറെ ആളുകൾക്ക് മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഡെങ്കിപ്പനി പടർന്നു പിടിച്ചപ്പോഴും തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ഡെങ്കിപ്പനിയും അതിന്റെ പ്രയാസങ്ങളും ഉണ്ടായത്. ജില്ലയാകെ ആശങ്കയിൽ നിറഞ്ഞ അന്തരീക്ഷമായിരുന്നു അന്നുണ്ടായിരുന്നത്. ഡെങ്കിപ്പനിയുടെ അപകടം പിടിച്ച, സങ്കീർണ്ണമായ അവസ്ഥയായ ഡെങ്കു ഹെമറാജിക് ഫീവർ കാരണം പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞും അല്ലാതെയും നിരവധിപേർ ഗുരുതരാവസ്ഥയിലാകുകയും മരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ അത് പരിഹരിക്കാനാവശ്യമായ നിലപാട്, ഗുരുതരാവസ്ഥയിലുള്ള രോഗികളെ കിടത്താനുള്ള സൗകര്യം ആശുപത്രികളിൽ ഇല്ലാത്തതിന്റെ പ്രയാസം ഒഴിവാക്കൽ, ആന്തരിക രക്തസ്രാവം ഉണ്ടായ രോഗികൾക്ക് ബ്ലഡ് ബാങ്കിൽ നിന്ന് ആവശ്യത്തിന് പ്ലേറ്റ്ലെറ്റ് കിട്ടാതെ വന്ന കാര്യങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ എന്നിവയൊക്കെ പരിഹരിക്കാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതിൽ സർക്കാർ-സ്വകാര്യ മേഖലകളിലെയും ആശുപത്രികളുമായി ചർച്ചകൾ

നടത്തി അതിനെക്കുടി വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോയാലെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ആശുപത്രികളിൽ ബ്ലഡ്, ബെഡ്, ഐസൊലേഷൻ വാർഡ് എന്നിവ കൂടി ഉണ്ടായാലേ അത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പകർച്ചപ്പനി ആഗോളതലത്തിൽ എന്നതുപോലെ നമ്മുടെ നാട്ടിൽ വലിയൊരു ആരോഗ്യപ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുന്നതിനാൽ, അതുണ്ടായാൽ പടർന്നു പിടിക്കാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മുന്നോട്ടുള്ള പ്രവർത്തനം കൊണ്ടുപോകണം. കേരളത്തിൽ ഇന്ന് അത് വലിയൊരു ഭീഷണിയായി നിലനിൽക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ഒന്നിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാവശ്യമായ ശ്രമം നടത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ആഗോളതലത്തിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പകർച്ചവ്യാധികൾ വലിയ സാമൂഹികാരോഗ്യ പ്രശ്നമായി, പൊതുജനാരോഗ്യത്തിന് കടുത്ത ഭീഷണിയായി വളർന്നു വന്നിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തും അത്തരത്തിലുള്ള പകർച്ചവ്യാധികൾ പിടിപെടുന്നുവെന്നുള്ളത് കഴിഞ്ഞ കുറേവർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഡെങ്കിപ്പനിയും എലിപ്പനിയും മഞ്ഞപ്പിത്തവും വ്യാപകമായി കണ്ടുവരുന്നു. ഇതിൽ കൊതുക് പരത്തുന്ന രോഗങ്ങളും ജലജന്യ രോഗങ്ങളുമുണ്ട്. കൊതുക് പരത്തുന്ന രോഗങ്ങളിൽ ഡെങ്കിപ്പനിയാണ് ഇപ്പോൾ നമ്മെ കടുത്ത രീതിയിൽ ബാധിക്കുന്നത്. ആഗോളതലത്തിൽത്തന്നെ വലിയൊരു പ്രശ്നമായിട്ടാണ് ഡെങ്കിപ്പനി വന്നിട്ടുള്ളതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സമൂഹത്തിലെ 2.5 ബില്യൻ ജനങ്ങളെ ഡെങ്കിപ്പനി ബാധിക്കുന്നുവെന്നതാണ് നാം കാണുന്നത്. ഓരോ വർഷവും അൻപത് മുതൽ നൂറ് ദശലക്ഷം വരെ ഡെങ്കു കേസുകളാണ് ആഗോളതലത്തിലുണ്ടാകുന്നത്. ഈ ലോകത്ത് ഡെങ്കിപ്പനിയുടെ ഫലമായി പ്രതിവർഷം 25,000 മരണങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണ് കാണുന്നത്. പ്രധാനമായും നാല് തരത്തിലുള്ള ഡെങ്കു വൈറസ്സുകളാണ് കാണപ്പെടുന്നത്. ഈഡിസ് വിഭാഗത്തിൽപ്പെട്ട ഈഡിസ് ഈജിപ്റ്റി എന്ന കൊതുകുകളും ആൽബോപിറ്റക്സ് എന്നുപറയുന്ന ഈഡിസ് കൊതുകുകളും ഡെങ്കിപ്പനി പടർത്തുന്നതിന് കാരണമാകുന്നുണ്ട്. ഈ രണ്ട്

കൊതുകുകളും കേരളത്തിലും കാണുന്നുവെന്നുള്ളതാണ് നമ്മൾ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതുപോലെ നാല് തരം വൈറസുകളും കേരളത്തിൽ കാണുന്നുണ്ട്. ഇത് വ്യാപകമാകാതിരിക്കാൻ നന്നായി ശ്രദ്ധിക്കണം. ഇന്ത്യയിൽ ഡെങ്കിപ്പനിയെക്കുറിച്ച് ഒരു നയരേഖ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. 2006-ലാണ് ഇന്ത്യയിൽ ആദ്യമായി ഡെങ്കിപ്പനി കാണുന്നത്. 2008-ൽ 15 സംസ്ഥാനങ്ങളിലാണ് ഈ പനി ഉണ്ടായിരുന്നതെങ്കിൽ 2010 ആയപ്പോൾ 29 സംസ്ഥാനങ്ങളിലും ഡെങ്കിപ്പനി കണ്ടുതുടങ്ങി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുകയാണ്. കൊതുക് നിവാരണം നടത്തുക എന്നതല്ലാതെ ഇതിന് വേറെ മാർഗ്ഗങ്ങളൊന്നുമില്ല. കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുള്ള നയരേഖയിൽ അത് ഒരു സാമൂഹ്യപ്രശ്നമായി, ഒരു കമ്മ്യൂണിറ്റി പ്രിവെൻഷൻ എന്ന നിലയിൽ സാമൂഹ്യപ്രതിരോധം സൃഷ്ടിക്കണമെന്നാണ് പറയുന്നത്. നമ്മൾ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതും അതിനുവേണ്ടിയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇത്തവണ വളരെ നേരത്തെ തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. എന്നിട്ടും

ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്നുവെന്നുള്ളത് എല്ലാവരും ഏറെ ശ്രദ്ധയോടെ കാണേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ജനുവരി മാസത്തിൽ തന്നെ മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും പ്രതിരോധത്തിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം നടത്തിയിട്ടുണ്ട്. കൂടുതൽപേർ പനി ബാധിച്ച് ആശുപത്രിയിലെത്തുന്ന അടിയന്തരമായ ഘട്ടമുണ്ടാകുകയാണെങ്കിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന്റെ സേവനം, മറ്റ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കോ-ഓർഡിനേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം കൂടുതൽ ബലപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം ആ യോഗത്തിൽ വച്ചുതന്നെ ആലോചിച്ചിട്ടുണ്ട്. ആവശ്യമാകുന്ന ഘട്ടങ്ങളിൽ ക്യാബിനെറ്റ് ചേർന്നുകൊണ്ടും സർവ്വകക്ഷിയോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ടും ഇതിനെ നേരിടുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അന്ന് തീരുമാനമുണ്ടായത്. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പും ധാരാളം പ്രവർത്തനങ്ങളുമായി വളരെ മുന്നോട്ട് പോയിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഒരു പ്രത്യേക മൊബൈൽ ആപ്പ് ക്രിയേറ്റ് ചെയ്ത് ഇത്തരം രോഗങ്ങളെക്കുറിച്ചുള്ള വിവരം വളരെ പെട്ടന്ന് കിട്ടുന്നതിനും എല്ലായിടത്തും എത്തിക്കുന്നതിനുമുള്ള പരിശ്രമം നടത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന രൂപീകരിച്ച് ഇരുപത് വീടുകൾക്ക് ഒരു സേന എന്ന നിലയിൽ വീടുകൾ തോറും കയറിയിറങ്ങി പ്രവർത്തനം നടത്തുകയാണ്. ഡെങ്കിപ്പനിക്ക് പ്രത്യേകിച്ച് മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്തതുകൊണ്ട് ശ്രദ്ധയോടുകൂടിയുള്ള പരിചരണവും വിശ്രമവുമാണ് ആവശ്യമെന്ന് മുഴുവൻ ജനങ്ങളെയും ബോധ്യപ്പെടുത്താൻ ലഘുലേഖകൾ വിതരണം ചെയ്യുകയും ആശാ വർക്കർമാർ അടങ്ങിയ ടീം വീടുകൾതോറും കയറി ഈ കാര്യങ്ങളെ ബോധവത്ക്കരിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള പനി ബാധിക്കുമ്പോൾ തന്നെ ആശുപത്രിയിൽ എത്തി പരിശോധിക്കുന്നതിനുമുള്ള എല്ലാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, പ്ലേറ്റ്ലെറ്റ് സെപ്പറേഷന് ആവശ്യമായ സംവിധാനം താലൂക്ക് തലത്തിലുള്ള ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒരുക്കിയിട്ടുണ്ട്. അപൂർവ്വം ചിലയിടങ്ങളിൽ പ്രവർത്തിക്കാത്ത ഉപകരണങ്ങളെല്ലാം നന്നാക്കി, അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പനി നേരിടുന്നതിനുവേണ്ടി ഇപ്പോൾ ആരോഗ്യ വകുപ്പിനെ എല്ലാവിധത്തിലും സുസജ്ജമാക്കി നിർത്തിയിട്ടുണ്ട്. എങ്കിലും മറ്റ് ചില

രോഗത്തോടൊപ്പം പനി കൂടി ബാധിക്കുമ്പോൾ ചികിത്സിച്ചാൽ പോലും ഫലം കാണാത്ത രീതിയിൽ മരണത്തിന് കീഴടങ്ങുന്നുവെന്നുള്ളത് നാം കാണുന്നതാണ്. ഡെങ്കിപ്പനിയെ സംബന്ധിച്ച് സോഴ്സ് റിഡക്ഷൻ, കൊതുകിന്റെ ഉറവിടം നശിപ്പിക്കുക എന്നതാണ് പ്രാധാന്യം. അക്കാര്യത്തിൽ നമ്മൾ പൂർണ്ണതയിലെത്തിയിട്ടില്ല. ഇത്രയും നേരത്തെ തന്നെ ഒരുങ്ങി, മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മീറ്റിംഗുകൾ ചേർന്ന് ഈ പറയുന്ന എല്ലാ പ്രവർത്തനങ്ങളും പ്ലാൻ ചെയ്ത് കീഴ്ത്തട്ടിൽ എത്തിച്ചെങ്കിലും ചില പ്രദേശങ്ങളിൽ ഇപ്പോഴും കൊതുകിന്റെ സോഴ്സ് നിലനിൽക്കുന്നു. ഡെങ്കിപ്പനിയുടെ കാര്യം പറയുകയാണെങ്കിൽ വീട്ടിനകം തന്നെയാണ് കൊതുകിന്റെ ഉറവിടമായി കാണുന്നത്. കൊതുകുകൾ രണ്ട് തരമുണ്ടെന്ന് നേരത്തെ പറഞ്ഞു. അതിൽ ഈഡിസ് ഈജിപ്റ്റി എന്ന കൊതുക് കാണുന്നത് വീട്ടിനകത്താണ്. ഇപ്പോൾ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയത്, സോഴ്സിന്റെ അറുപത് ശതമാനത്തോളവും വീടിനകം തന്നെയാണ് എന്നുള്ളതാണ്. ഫ്രിഡ്ജിന്റെ ട്രേയുടെ അടിയിലും ചെടിച്ചട്ടികളുടെ അടിയിൽ വയ്ക്കുന്ന ട്രേയിലുമൊക്കെയാണ് സർവ്വേ ടീം കൊതുകിന്റെ കൂത്താടി

കണ്ടെത്തിയിട്ടുള്ളത്. അതുപോലും ശ്രദ്ധിക്കണം. വളരെയേറെ ശ്രദ്ധയോടുകൂടി മാത്രമേ നമുക്കിത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ടയറുകളുടെ അകത്ത് കെട്ടിനിൽക്കുന്ന വെള്ളത്തിലും കൊതുകിന്റെ ലാർവ കാണപ്പെടുന്നു. പകൽ സമയത്താണ് ഈ കൊതുക് കടിക്കുന്നതെന്നതിനാൽ പകൽ സമയത്തും വീടിനകത്ത് ഫ്യൂമിംഗ് നടത്തേണ്ടതായിട്ടുണ്ട്. പക്ഷേ പലയിടങ്ങളിലും വീട്ടിനകത്ത് ഫ്യൂമിംഗ് നടത്തുന്നതിന് അനുവാദം നൽകാത്ത അവസ്ഥയും നിലനിൽക്കുന്നു. അത്തരം ഘട്ടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മെമ്പർമാരുടെ സഹായത്തോടെ ആരോഗ്യസേന, ആരോഗ്യവകുപ്പിന്റെ പ്രവർത്തകർ തുടങ്ങിയവർ വീടുകൾ സന്ദർശിച്ച് വീടിനകത്ത് കൊതുക് നശീകരണത്തിനാവശ്യമായ സമീപനം സ്വീകരിച്ചുവരികയാണ്. ഇത് ഓരോ പൗരനും സ്വീകരിക്കേണ്ടതാണ്. മാലിന്യനിർമ്മാർജ്ജനം ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. അതുപോലെ കൊതുക് നശീകരണം നാം ഓരോരുത്തരും മുൻകൈ എടുക്കേണ്ട പ്രവർത്തനമാണ്. അങ്ങനെ മുൻകൈ എടുത്തെങ്കിൽ മാത്രമേ കൊതുകിന്റെ ആക്രമണവും പകർച്ചവ്യാധിയും നിയന്ത്രിക്കാൻ സാധിക്കൂ. ജലജന്യ രോഗങ്ങളിൽ മഞ്ഞപ്പിത്തം വളരെ കാര്യമായി കാണുന്നുണ്ട്. ചിലയിടങ്ങളിൽ

റോഡ് നിർമ്മിക്കാത്തതിൽ പ്രതിഷേധിച്ച് ചെളിയിൽ കുളിച്ച് പ്രതിഷേധിക്കുകയാണ്. കഴിഞ്ഞ ദിവസം കുളത്തിലെ ചെളിവെള്ളത്തിൽ കുളിച്ച് പ്രതിഷേധിച്ച മുഴുവൻ ആളുകൾക്കും മഞ്ഞപ്പിത്തം പിടിപെട്ടു. അത്തരം പ്രവൃത്തികൾ ചെയ്യരുതെന്ന് എത്രതന്നെ പറഞ്ഞാലും ചിലപ്പോൾ ചില പ്രദേശങ്ങളിൽ അത്തരത്തിലുള്ള കാര്യങ്ങൾ ആളുകൾ ചെയ്യാൻ തയ്യാറാകുന്നു. കിണറിലെ വെള്ളം പരിശോധിക്കാൻ എല്ലാ സ്ഥലത്തും നിർദ്ദേശം നൽകിയിട്ടുണ്ട്. അതെല്ലാം പരിശോധിക്കുന്നുമുണ്ട്. എലിപ്പനി വരുന്നത് ശുചീകരണത്തിന്റെ അഭാവത്തിൽ തന്നെയാണ്. തൊഴുത്തുകളും മറ്റും വൃത്തിയാക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്താൽ എലിപ്പനിയിൽ നിന്നും രക്ഷനേടാൻ സാധിക്കും. ഇത് ഇനിയും ഗൗരവത്തിൽ എടുക്കണം. ഞാൻ സഭയോട് ഒന്നടങ്കം അഭ്യർത്ഥിക്കുന്നത്, എല്ലാ എം.എൽ.എ.മാർക്കും നേരത്തെ രണ്ടുതവണ കത്തയച്ചിട്ടുണ്ട്. ഇത് എല്ലാവരും ശ്രദ്ധിക്കണം. കാരണം ഓരോ വ്യക്തിയേയും ഇതിനകത്ത് ഇടപെടുവിച്ചുകൊണ്ടുമാത്രമേ നമുക്കിത് ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇത് നമ്മുടെ എല്ലാവരുടെയും പ്രശ്നമായി കണ്ടുകൊണ്ട് ഇനിയുള്ള ദിവസങ്ങളിൽ സ്വാഭാവികമായും മഴ കൂടുമ്പോൾ പനി കൂടാനിടയുണ്ട്. ആശുപത്രികളെല്ലാം

നമ്മൾ സജ്ജമാക്കിയിട്ടുണ്ട്. ആശുപത്രികളുടെ കാര്യം പറയുമ്പോൾ സ്റ്റാഫിന്റെ പോരായ്മയുണ്ട്. അത് എത്രയോ വർഷങ്ങളായി നിലനിൽക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറെയേറെ തസ്തികകൾ സൃഷ്ടിച്ചു. അതിന്റെ ഗുണഫലമുണ്ട് എന്നത് വസ്തുതയാണെങ്കിലും വേണ്ടത്ര സ്റ്റാഫില്ലാത്ത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പലയിടത്തുമുണ്ട്. അത് ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല. അത്തരം പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഉള്ള സ്റ്റാഫിനെ ഉപയോഗപ്പെടുത്തി, എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പകർച്ചവ്യാധി നേരിടാൻ സുസജ്ജമായിരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ ത്യാഗപൂർണ്ണമായ പ്രവർത്തനമാണ് ആശുപത്രിയിലെ ഡോക്ടർമാരും നഴ്സമാരുമെല്ലാം കാഴ്ചവയ്ക്കുന്നത്. അവരുടെ ഭാഗത്തുനിന്നും അലംഭാവമുണ്ടായതായി റിപ്പോർട്ടുകൾ ഇതുവരെ കിട്ടിയിട്ടില്ല. എല്ലാ പ്രതിസന്ധി ഘട്ടങ്ങളെയും തരണം ചെയ്ത് മരുന്നുകൾ കൃത്യമായി ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ട്. സോഴ്സ് റിഡക്ഷൻ ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ നടക്കുന്നതല്ല. അതിൽ ഏതെങ്കിലും വകുപ്പുകൾ മാത്രം വിചാരിച്ചാലല്ല, നമ്മുടെ ഓരോരുത്തരുടെയും ശ്രദ്ധ അതിനകത്തുണ്ടാകണം എന്നുള്ളതാണ്.

വീട്ടിനകത്തും പുറത്തും കീടനാശിനി തളിക്കുക, ഫോഗിംഗ്, കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് തുടങ്ങിയവ കൃത്യമായി നടന്നുവരുന്നുണ്ട്. ഇതിനുപുറമെ, ആശുപത്രികളിൽ പ്രത്യേക പനി വാർഡ്, പനി ക്ലിനിക്, ഡെങ്കി കോർണർ എന്നുപറഞ്ഞ് ഡെങ്കിപ്പനിക്ക് പ്രത്യേകിച്ചിടം തുടങ്ങിയ എല്ലാ പ്രത്യേക സംവിധാനങ്ങളും ആരോഗ്യ വകുപ്പ് ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. താലൂക്ക് ആശുപത്രി മുതൽ മുകളിലോട്ടുള്ളിടങ്ങളിൽ ബ്ലഡ് സെപ്പറേഷനുള്ള ബ്ലഡ് ബാങ്കും മറ്റും നടപ്പാക്കിയിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ കൃത്യമായി ആരോഗ്യ വകുപ്പ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, വരും ദിവസങ്ങളിൽ എല്ലാവരുടെയും സഹകരണത്തോടെ പൂർണ്ണമായും കൊതുകിന്റെ സോഴ്സ് റിഡക്ഷൻ നടത്തണം. പകർച്ചവ്യാധി വ്യാപനം തടയാനുള്ള എല്ലാ പരിശ്രമവും ഒത്തൊരുമിച്ച് നടത്താം. കൂടുതൽ മരണങ്ങളില്ലാതെ, നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കേണ്ടതായിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഡെങ്കിപ്പനി വ്യാപകമായാൽ ബ്ലഡ് കോമ്പോണൻസ് കൂടുതൽ കിട്ടുക എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം; പ്ലേറ്റ്‌ലെറ്റ്, പ്ലാസ്മ ഫ്ലൂയിഡ്, റെഡ് സെൽസ് തുടങ്ങിയവ. അത്

താലൂക്ക് ആശുപത്രികളിൽ അല്ലെങ്കിൽ നമ്മുടെ ആശുപത്രികളിൽ മാത്രം സജ്ജീകരിച്ച് പൂർണ്ണമായും ഉണ്ടാക്കാൻ കഴിയുമോ; അതോ മറ്റുള്ള സ്വകാര്യ/ സർക്കാർ ആശുപത്രികളെക്കൂടി സംയോജിപ്പിച്ച് ആളുകൾക്ക് ഏറ്റവും എളുപ്പം ലഭ്യമാക്കാൻ ആവശ്യമായ നടപടി സംയോജിതമായി ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ വ്യാപകമായി പ്ലേറ്റ്ലെറ്റ് സെപ്പറേറ്റ് ചെയ്യാനുള്ള മെഷീന്റെ ആവശ്യം വരുന്നില്ല. കാരണം, ഡെങ്കിപ്പനി ബാധിച്ചവരിൽ വളരെ ചെറിയ ശതമാനത്തിനുമാത്രമാണ് പ്ലേറ്റ്ലെറ്റ് കുറയുന്നത്. റഫറൽ സംവിധാനം അനുസരിച്ച് താഴെയുള്ള ആശുപത്രികളിൽ പരിശോധിക്കുമ്പോൾ പ്ലേറ്റ്ലെറ്റ് കുറയുന്നുവെന്ന് തോന്നിയാൽ ഉടനെ താലൂക്ക് ആശുപത്രിയിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും മാറ്റുകയാണ് ഇപ്പോൾ ചെയ്യുന്നത്. രോഗിയെ അവിടെ അടിയന്തരമായി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തി രോഗിയെ പെട്ടെന്ന് എത്തിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പ്ലേറ്റ്ലെറ്റ് കുറയുന്ന ഒരു രോഗിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലത്തിൽ കിടത്താതിരിക്കുന്നതാണ് നല്ലത്.

അവിടെ മറ്റ് സൗകര്യങ്ങൾ കുറവായിരിക്കും. അതുകൊണ്ട് താലൂക്ക് തലത്തിലോ ജില്ലാതലത്തിലോ അവരെ കൊണ്ടുവന്ന് ചികിത്സിക്കുന്നതും അവിടെ സെപ്പറേഷനാവശ്യമായ സംവിധാനമൊരുക്കുന്നതുമാണ് ഉചിതം.